# <u>പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി ( പി.എം.കിസാൻ)</u>

ചെറുകിട നാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി **പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം.കിസാൻ)** എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡിൽ 01-02-2019 തീയതിയിൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷക കുടുംബങ്ങൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 6,000/- രൂപ നാലു മാസത്തിലൊരിക്കൽ മൂന്നു തുല്യ ഗഡുക്കളായി നൽകുന്നു.

01/12/2018 മുതൽ കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. 2018-19 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവിന്റെ കാലാവധി 01/12/2018 മുതൽ 31/03/2019 വരെയാണ്. രണ്ട് ഹെക്ടറിൽ കവിയാതെ കൃഷിഭൂമി കൈവശമുള്ള കർഷകർക്ക് ഒരു വർഷം ഒരു കുടുംബത്തിന് 6,000/- രൂപ ആനുകൂല്യം ലഭിക്കുന്നതാണ്.

- 2 ഹെക്ടറിൽ കൂടാത്ത കൃഷി ഭൂമിയുള്ള കുടുംബത്തിന് ആനുകൂല്യത്തിന് അർഹതയുണ്ട്. കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ അവരുടെ പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം.
- സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡ് പ്രകാരം 01-02-201ൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള 2018-19 സാമ്പത്തിക വർഷത്തിലെ സ്ഥലത്തിന്റെ കരമടച്ച രസീത് സമർപ്പിക്കുന്ന ചെറുകിട നാമമാത്ര കർഷക കുടുംബത്തിന് ആനുകൂല്യത്തിന് അർഹതയുണ്ട്.

**ആനുകൂല്യത്തിൽ നിന്നും ഒഴിവാക്കപ്പെടുന്ന കുടുബങ്ങൾ**

താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ളവ്യക്തികൾ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല.

a) സ്വന്തമായി സ്ഥാപങ്ങളോടനുബന്ധിച്ച വസ്തു ഉടമകൾ

b) കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെ പറയുന്ന വിഭാഗത്തിൽ ഉൾപ്പെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല.

- ഭരണഘടന സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ
- നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോക സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷൻമാർ,
- കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥർ (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള )
- കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥർ (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള )
- കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച്, പ്രതിമാസം 10000/- രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള )
- അവസാന അസ്സെസ്സ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ
- പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, ആർക്കിടെക്റ്റ്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്നവർ )

**അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ട സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ**

- ബാങ്ക് പാസ്സ് ബുക്ക് (പകർപ്പ്)
- 2018-19 ലെ കരം ഒടുക്കിയ രസീത് (പകർപ്പ്)
- റേഷൻ കാർഡ് i)റേഷൻ കാർഡ് നമ്പർ, ഗൃഹനാഥ/ ഗൃഹനാഥന്റെ പേരുള്ള പേജ്, ii)കുടുംബാംഗങ്ങളുടെ പേരുകളുള്ള പേജ് (പകർപ്പ്)
- ആധാർ കാർഡിന്റെ പകർപ്പ് /എൻറോൾമെന്റ് നമ്പരിന്റെ രസീത് (ആധാർ കാർഡ് ഇല്ലാത്തപക്ഷം ഡ്രൈവിംഗ് ലൈസൻസ്, ഇലക്ഷൻ തിരിച്ചറിയിൽ കാർഡ്, NREGA ജോബ് കാർഡ് തുടങ്ങിയ കേന്ദ്ര സർക്കാരോ സംസ്ഥാനസർക്കാരോ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ രേഖകളുടെ പകർപ്പ്)

കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഡൗൺലോഡ് ചെയ്യുന്നതിനും കൃഷി വകുപ്പിന്റെ വെബ്സൈറ്റ് www.keralaagriculture.gov.in സന്ദർശിക്കുക.

- സംശയ നിവാരണത്തിനായി
  ടോൾ ഫ്രീ നമ്പർ: 1800-425-1661
  1800-180-1551
  Whatsapp No : 9447051661
  ഇമെയിൽ : info@krishi.info